"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - റോഡപകടത്തെത്തുടർന്ന് ഗുരുതര പരിക്കേറ്റ് ശയ്യാവലംബിയായ ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ആയ ശ്രീമതി ശ്രീല വി.വി-ക്ക് Rights of Persons with Disabilities Act 2016 - ലെ Section 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി സേവനത്തിൽ നിലനിർത്തുന്നതിനായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 കേഡറിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക 11.10.2024 പ്രാബല്യത്തിൽ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/H&FWD തീയതി, തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം. 253/2025/ആ.കു.വ തീയതി 29.01.2025
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.04.2025 ലെ ഇ.ജി-17062/ 2024-ആ.വ.ഡ നമ്പർ കത്ത്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.05.2025 ലെ ഇ.ജി -17062/ 2024-ആ.വ.ഡ നമ്പർ കത്ത്
4. ശ്രീ. ഹരീഷ് കുമാർ സമർപ്പിച്ച 20.05.2025 ലെ നിവേദനം

**<u>ഉത്തരവ്</u>**

പത്തനംതിട്ട തുമ്പമൺ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തുവരവെ 14.06.2024- ൽ ശ്രീമതി ശ്രീല വി.വി- ക്ക് റോഡപകടത്തെത്തുടർന്ന് സാരമായി പരിക്ക് പറ്റി. കൊല്ലം സ്വദേശിയായ ജീവനക്കാരി ജോലി സ്ഥലത്തേക്ക് പോകുന്ന വേളയിൽ വാളകത്ത് വച്ചാണ് അപകടമുണ്ടായത്. ജീവനക്കാരിയുടെ ശാരീരിക സ്ഥിതി പരിശോധിക്കുന്നതിനായി കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് സ്പെഷ്യൽ മെഡിക്കൽ ബോർഡ് രൂപീകരിക്കുകയും 25.04.2025- ൽ മെഡിക്കൽ ബോർഡ്, ജീവനക്കാരിയുടെ ശാരീരിക സ്ഥിതി പരിശോധിക്കുകയുമുണ്ടായി. തലച്ചോറിന് പരിക്കേറ്റ ശ്രീമതി ശ്രീല വി.വി- ക്ക് 90% ഡിസബിലിറ്റി ഉണ്ടെന്നും ജോലിയിൽ പ്രവേശിക്കാൻ കഴിയുന്ന ആരോഗ്യ സ്ഥിതി നിലവിലില്ലെന്നും മെഡിക്കൽ ബോർഡ് വിലയിരുത്തി. ജീവനക്കാരിക്ക് തുടർച്ചയായ വൈദ്യസഹായം ആവശ്യമാണെന്നും ഒരു വർഷം കഴിഞ്ഞ് ശാരീരിക സ്ഥിതി വീണ്ടും പരിശോധിക്കേണ്ടതുണ്ടെന്നും മെഡിക്കൽ ബോർഡ് നിരീക്ഷിക്കുകയുണ്ടായി.

**2.** മെഡിക്കൽ ബോർഡ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, Rights of Persons with Disabilities Act 2016 - ലെ Section 20 (4) പ്രകാരമുള്ള ആനുകൂല്യം ശ്രീമതി ശ്രീല വി.വി-ക്ക് നൽകി ടിയാൾ ആരോഗ്യം വീണ്ടെടുക്കുന്നതുവരെയോ, അല്ലായെങ്കിൽ വിരമിക്കൽ തീയതി വരെയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ടി കാലയളവുവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 -ന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2), (3) കത്തുകൾ പ്രകാരം

ശിപാർശ സമർപ്പിച്ചിരുന്നു. 14.06.2024-ന്ന സംഭവിച്ച അപകടത്തെ തുടർന്ന് അബോധാവസ്ഥയിൽ തുടർന്ന് വരുന്ന ജീവനക്കാരിക്ക് സമീപകാലത്ത് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യം ആണ് എന്നും ആയതിനാൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ജീവനക്കാരിക്ക് സർവ്വീസിൽ തുടരുന്നതിനുള്ള സാഹചര്യം ഒരുക്കണമെന്നും ജീവനക്കാരിയുടെ ഭർത്താവ് പരാമർശം (4) പ്രകാരം അപേക്ഷ നൽകുകയുണ്ടായി. പരാമർശം (1) പ്രകാരം ശ്രീമതി ശ്രീല വി.വി- ക്ക് അപകടം നടന്ന തീയതിയായ 14.06.2024 മുതൽ 10.10.2024 വരെ 119 ദിവസത്തേക്ക് പ്രത്യേക അവശതാവധി അനുവദിച്ചിരുന്നു.

**3.** Rights of Persons with Disabilities Act 2016 - ലെ Section 20 (4) പ്രകാരം, സേവനത്തിലിരിക്കെ വൈകല്യം നേരിടുന്ന ഒരു ജീവനക്കാരനെ/ജീവനക്കാരിയെ സേവനത്തിൽ നിന്നും ഒഴിവാക്കാനോ താഴ്ന്ന റാങ്കിലേക്ക് തരംതാഴ്ത്താനോ പാടില്ല. നിലവിലുള്ള തസ്തികയിലെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ടിയാൾ യോഗ്യനല്ലായെന്ന് വിലയിരുത്തുന്നപക്ഷം ടിയാളെ സമാന ശമ്പളമുള്ള മറ്റേതെങ്കിലും തസ്തികയിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ മറ്റേതെങ്കിലും തസ്തികയിലേക്ക് ഷിഫ്റ്റ് ചെയ്യാൻ സാധിക്കാത്ത സന്ദർഭത്തിൽ വിരമിക്കുന്നതുവരെയോ അല്ലെങ്കിൽ ടിയാളെ ഉൾക്കൊള്ളിക്കാൻ പര്യാപ്തമായ ഒരു ഉചിത തസ്തിക ലഭിക്കുന്നതുവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ടി കാലയളവുവരെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ജീവനക്കാരനെ സർവീസിൽ നിലനിർത്താൻ Section 20 (4) വ്യവസ്ഥ ചെയ്യുന്നു.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ആയ ശ്രീമതി ശ്രീല വി.വി- ക്ക് 90% ഡിസബിലിറ്റി ഉണ്ടെന്നും ടിയാൾ സേവനത്തിൽ പുനഃപ്രവേശിക്കുന്നതിന് അനുയോജ്യയല്ലായെന്നുമുള്ള മെഡിക്കൽ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, നിലവിൽ മറ്റൊരു തസ്തികയിലെയും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ടിയാൾക്ക് ഇല്ലായെന്ന വസ്തുതയുടെ അടിസ്ഥാനത്തിലും ശ്രീമതി ശ്രീല വി.വി- ക്ക് Rights of Persons with Disabilities Act 2016 - ലെ Section 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി സേവനത്തിൽ നിലനിർത്തുന്നതിനായി, ടിയാൾ ജോലിയിൽ പുന:പ്രവേശിക്കാൻ പ്രാപ്തയാകുന്നതുവരെയോ/ടിയാളെ ഉൾക്കൊള്ളിക്കാൻ പര്യാപ്തമായ മറ്റൊരു തസ്തിക ലഭിക്കുന്നതുവരെയോ അല്ലെങ്കിൽ വിരമിക്കുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ടി കാലയളവുവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 കേഡറിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക 11.10.2024 പ്രാബല്യത്തിൽ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി ശ്രീല വി.വി-യുടെ ആരോഗ്യ സ്ഥിതി യഥാസമയങ്ങളിൽ മെഡിക്കൽ പരിശോധനക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ വിധേയമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ഹരീഷ് കുമാർ, H/o ശ്രീമതി.ശ്രീല വി.വി, മംഗലത്ത് പുത്തൻ വീട്, പുല്ലം കോട്, പെരുമണ്ണൂർ പി ഓ, വാളകം, കൊല്ലം 691532
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട.
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, തുമ്പമൺ, പത്തനംതിട്ട.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
പൊതു ഭരണ (എസ് സി ) വകുപ്പ് (24.12.2025 ലെ ഇനം നമ്പർ 3472 പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (C2/254/2024-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 09-01-2026 12:00:19
സെക്ഷൻ ഓഫീസർ